**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 634** **05-10-2021 - ൽ മറുപടിയ്ക്ക്**

**അഴിക്കോട് മണ്ഡലത്തിലെ വൈദ്യുതി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അഴിക്കോട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നിലവിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അഴിക്കോട് നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടന്നു വരുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 29.483 കി.മി എച്ച്.ടി. ലൈനും 45.978 കി.മി. എൽ.ടി ലൈനും നിർമ്മിക്കുന്ന പ്രവൃത്തികളും 54 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 657.725 കി.മി. ലൈൻ റീ കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികളും ഉൾപ്പെടെ ആകെ 2111 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്ന “ഫിലമെന്റ് രഹിത കേരളം” പദ്ധതി, പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന “നിലാവ്” പദ്ധതി, കെ-ഫോൺ പദ്ധതി എന്നിവയും അഴിക്കോട് നിയോജക മണ്ഡലത്തിൽ നടന്നു വരുന്നു. അഴിക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരിയിൽ പുതിയ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി സാങ്കേതിക പഠനം നടത്തുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷൻ ആവശ്യമാണെന്ന് കണ്ടാൽ സ്ഥല ലഭ്യത പരിഗണിച്ച് ടി സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ തുടങ്ങുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | അഴിക്കോട് നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടന്നു വരുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 29.483 കി.മി എച്ച്.ടി. ലൈനും 45.978 കി.മി. എൽ.ടി ലൈനും നിർമ്മിക്കുന്ന പ്രവൃത്തികളും 54 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 657.725 കി.മി. ലൈൻ റീ കണ്ടക്ടറിംഗ് |

| | | | |
|---|---|---|---|
| | | | നടത്തുന്ന പ്രവൃത്തികളും ഉൾപ്പെടെ ആകെ 2111 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്ന "ഫിലമെന്റ് രഹിത കേരളം" പദ്ധതി, പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ്" പദ്ധതി, കെ-ഫോൺ പദ്ധതി എന്നിവയും അഴിക്കോട് നിയോജക മണ്ഡലത്തിൽ നടന്നു വരുന്നു. അഴിക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരിയിൽ പുതിയ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി സാങ്കേതിക പഠനം നടത്തുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷൻ ആവശ്യമാണെന്ന് കണ്ടാൽ സ്ഥല ലഭ്യത പരിഗണിച്ച് ടി സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ